"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വെ 152/13ൽപ്പെട്ട 14 സെന്റ് പൊതുമരാമത്ത് വകുപ്പ് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം WP(C) No.35037/2015 കോടതിവിധി അനുസരിച്ച് പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി, ഭാര്യ കെ.രമ എന്നിവർക്ക് സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.48/2024/RD    തീയതി,തിരുവനന്തപുരം, 17-02-2024

---

പരാമർശം:-

1. ശ്രീ.പി.മണി മുതൽ പേർ ഫയൽ ചെയ്ത WP(C) 35037/2015-ലെ 31/07/2018-ലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം.
2. മലപ്പുറം ജില്ലാ കളക്ടറുടെ 14/9/21-ലെ C2-50756/90 നം കത്ത്
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 19/12/2022 ലെ LR/12041/2022-LR(J5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ പ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ പുറമ്പോക്കായി വില്ലേജ് റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ 14 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ശ്രീമതി ലക്ഷ്മി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ 1990-ൽ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കാത്തതിനാൽ ഭൂമി പതിച്ചു നൽകിയിരുന്നില്ല. തുടർന്ന്, ടിയാളുടെ അനന്തരാവകാശികൾ ബഹു.ഹൈക്കോടതിയിൽ WP(C) No.35037/2015 നമ്പർ കേസ് ഫയൽ ചെയ്യുകയും പരാമർശം (1) ഉത്തരവ് സഹിതം മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശികളായ ശ്രീ.മണി മുതൽ പേർ പ്രസ്തുത ഭൂമി അവരുടെ പേരിൽ പതിച്ചു നൽകണമെന്ന് അപേക്ഷിക്കുകയുമുണ്ടായി. 5 സെന്റ് മാത്രം പതിച്ചുനല്കുന്നതിന് തടസ്സമില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രത്തിന് എതിരെയാണ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത്. ഭൂമി പതിച്ചു നൽകുമ്പോൾ അപേക്ഷകർ താമസിക്കുന്ന വീട് ഉൾപ്പെടയുള്ള ഭൂമി പതിച്ചു കൊടുക്കുന്നത് പരിഗണിക്കണം എന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

2) തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ പ്പെട്ട പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമിയിൽ നിലവിലുള്ള ഓടിട്ട കെട്ടിടത്തിൽ ലക്ഷ്മി എന്നവരുടെ മകനായ ശശിധരനും കുടുംബവുമാണ് താമസിയ്ക്കുന്നതെന്നും ലക്ഷ്മിയും ഭർത്താവ് അയ്യപ്പനും മരണപ്പെട്ടതായും ഇവർക്ക് ശശിധരൻ ഉൾപ്പെടെ ഏഴ് മക്കളാണുള്ളതെന്നും ആയതിൽ മൂത്ത

മകൾ കാളി മരണപ്പെട്ടതായും മറ്റ് അവകാശികൾ പ്രസ്തുത ഭൂമി ശശിധരന് പതിച്ചു നൽകുന്നതിന് സമ്മതമാണെന്ന് വില്ലേജ് ഓഫീസർ മുമ്പാകെ സമ്മതപത്രം നൽകിയതായും ലാന്റ് റവന്യൂ കമ്മീഷണർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട 6.31 സെന്റ് ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ 30/09/2009-ലെ 20541/C3/2009 നമ്പർ സർക്കുലർ പ്രകാരമുള്ള നിബന്ധനകൾക്ക് ഇളവ് നൽകി പ്രത്യേക കേസായി പരിഗണിച്ച് പതിച്ചു നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വെ 152/13ൽപ്പെട്ട 14 സെന്റ് പൊതുമരാമത്ത് വകുപ്പ് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം പരാമർശം (1) കോടതിവിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകയായ മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശിയും ടി ഭൂമിയിലെ നിലവിലെ താമസക്കാരുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി, ഭാര്യ കെ.രമ എന്നിവർക്ക് സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /ആഡിറ്റ് , തിരുവനന്തപുരം
ശ്രീ.ശശിധരൻ.പി, പൂങ്ങോട്ടിൽ വീട്ടിൽ ,കുറ്റിപ്പുറം പി.ഒ മലപ്പുറം
പൊതുഭരണ( എസ് സി) വകുപ്പ് -(14/2/2024-ലെ ഇനം നം2058 പ്രകാരം)
പൊതുമരാമത്ത് വകുപ്പ്- (No. C1/495/2023-PWD dated 10/01/2024 പ്രകാരം)
ധനകാര്യ വകുപ്പ് -(No. EXP-D3/45/2023-FIN dated 23/05/2023 പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Priya Vincent
Date: 17-02-2024 12:05:18
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫിസർക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ അഡിഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-02-2024

ഫയൽ നം. എൽ1/204/2018/റവ. ഇനം നം: 2058

വിഷയം : റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13-ൽപ്പെട്ട 14 സെന്റ് പൊതുമരാമത്ത് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം WP(C)No.35037/2015 കോടതിവിധി അനുസരിച്ച് അപേക്ഷകയായ മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശിയും ടി ഭൂമിയിലെ നിലവിലെ താമസക്കാരുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ. ശശിധരൻ.പി, ഭാര്യ കെ. രമ എന്നിവർക്ക് സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

15/2

# GOVERNMENT OF KERALA
## (SRI.PINARAYI VIJAYAN MINISTRY)
### NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | 204/L1/2018/RD |
| 2 | Department | Revenue(L) Department |
| 3 | Subject | Assignment of 6.31 cents of land including house and main ancillary well, out of the 14 cent PWD Puramboke, in Re-survey No.152/13, in Kuttipuram Village, Tirur Taluk, Malappuram District to Shri. Sasidharan.P, and his wife Smt.Rema Poongottil House, the legal heirs of the petitioner Late.Smt.Lakshmi and the present residents, based on the Judgment of Hon'ble High Court dated 31-07-2018 in WP(C) No.35037/2015 invoking the special powers vested with the Government - reg |
| 4 | Date of Chief Minister's order for placing before the Council | 01.02.2023 |
| 5 | i) Does the case involve financial commitments/implications ?<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note? | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Public Works Departments<br><br>Yes |
| 7 | Name of Additional Secretary who submitted the Note | Gopakumar R.L. |
| 8 | Name of Principal Secretary who approved the Draft Note | Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 24/01/2024 |
| 10 | Name of Chief Secretary who approved the Draft Note | Dr. Venu.V |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 30.01.2024 |
| 12 | Name of Minister who approved the Draft Note | Sri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 12/02/2024 |
| 14 | Date of submission of fair copies | 14/02/2024 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

**Note for Council of Ministers**

This note deals with the assignment of 06.31 cents of land including house and well, out of the 14 cents of puramboke land belonging to Public Works Department in Resurvey No. 152/13 in Kuttippuram village, Tirur taluk, Malappuram district, to Mr.Sasidharan.P. and his wife Smt.K.Rema Poongotil House, the present residents and the legal heirs of applicant late Smt.Lakshmi, based on the judgment dated 31-07-2018 of Hon'ble High Court in WP(C) 35037/2015.

2. Though the Government had directed to take action on the application submitted by Smt.Lakshmi for allotment of 14 cents of land in Re-survey No. 152/13, Kuttipuram village, Tirur Taluk which was recorded as Puramboke land in the name of Public Works Department as per village records, the land was not assigned as NOC from the Public Works Department was not obtained. Her legal heirs filed WP(C) No.35037/2015 before Hon'ble High Court and along with a copy of order of the High Court dated 31.07.2018 applied for assignment of the said land in the name of Shri.Mani and others, the heirs of Mrs.Lakshmi.The case was filed in the Hon'ble High Court against the NOC of Public Works Department, as per which they had stated that they have no objection in assigning 5 cents of land only.The

Hon'ble Court had directed that while assigning land to the petitioners, the area which is presently occupied by their house may be allotted to them.

3. The Land Revenue Commissioner has reported that Sasidharan (S/o Lakshmi) and his family residing in the PWD Puramboke Land in Resurvey No.152/13 at Kuttippuram Village in Tirur Taluk and Lakshmi and her husband Ayyappan passed away and they have seven children including Sasidharan, and their eldest daughter Kali is also no more and the other legal heirs had consented before the Village Officer for the assignment of above said land to Sri.Sasidharan. The Hon'ble High Court ordered to assign the area which is presently occupied by their house alongwith other necessary appurtenances. Based on this 6.31 cents of land including the existing house and the main ancillary well needs to be assigned. Thus, when the Hon'with recommendation to assign 6.31 cents of land, it was ordered to place the matter before the Cabinet.Subsequently, the Chief Secretary directed to seek the remarks of Public Works Department.

4) The remarks of PWD in this matter is as follows;

" മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീ സർവ്വേ 152/3-ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട 6.31 സെന്റ് ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ 30.09.2009-ലെ 20541/C3/2009 നമ്പർ

സർക്കുലർ പ്രകാരമുള്ള നിബന്ധനകൾക്ക് ഇളവു നൽകി പ്രത്യേക കേസ് ആയി പരിഗണിച്ച് പതിച്ചു നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് എതിർപ്പില്ലായെന്ന വിവരം റവന്യൂ വകുപ്പിനെ അറിയിക്കുന്നു."

5) In the above matter, the opinion of the Finance Department is as follows;

*"14 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ശ്രീമതി.ലക്ഷ്മി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ 1990 ൽ തന്നെ സർക്കാർ നിർദ്ദേശിച്ചിരുന്നുവെന്നതിനാലും, 40 വർഷത്തോളമായി ശ്രീ.മണി മുതൽ പേരുടെ കൈവശത്തിൽ ഇരിക്കുന്ന ഭൂമി ആയതിനാലും, നിലവിൽ വീട് സ്ഥിതി ചെയ്യുന്ന സ്ഥലവും അതിനോടനുബന്ധിച്ച് മറ്റ് അത്യാവശ്യമായ സൗകര്യങ്ങളും അപേക്ഷകർക്ക് അനുവദിച്ചു കൊടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് പരിഗണിച്ചും, ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്ത പ്രകാരം അപേക്ഷകന്റെ വീടും കിണറും സ്ഥിതി ചെയ്യുന്ന 6.31 സെന്റ് ഭൂമി സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് മന്ത്രി സഭയുടെ അനുമതിയോടെ പതിച്ചു നല്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു. ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."*

6) The Hon'ble Chief Minister has ordered to place the matter of assignment of 6.31 cents of land to Sri.Sasidharan and his wife Smt.Rema, before the Council of Ministers.

**Point for decision**

Whether 6.31 cents of land including house and main ancillary well, out of the 14 cent PWD Puramboke, in Re-survey No.152/13, in Kuttipuram Village, Tirur Taluk, Malappuram District may be assigned to Shri. Sasidharan.P, Poongotil House, and his wife Rema , the legal heirs of the petitioner Late.Smt.Lakshmi and the present residents, based on the Judgment dated 31-07-2018 in WP(C) No.35037/2015, invoking the special powers vested with the Government;

2058

| | | |
|---|---|---|
| | **കേരള സർക്കാർ**<br>**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | |
| 1. | ഫയൽനമ്പർ | എൽ1/204/2018/റവ |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13-ൽ പ്പെട്ട 14 സെന്റ് പൊതുമരാമത്ത് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം WP(C) No.35037/2015 നം കോടതിവിധി അനുസരിച്ച് അപേക്ഷകയായ മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശിയും ടി ഭൂമിയിലെ നിലവിലെ താമസക്കാരുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി., ഭാര്യ കെ. രമ എന്നവർക്ക് സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ച നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.02.2023 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | പൊതുമരാമത്ത് വകുപ്പ്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ഗോപകുമാർ.ആർ.എൽ. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24/01/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30/01/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/02/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/02/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വെ 152/13-ൽ പ്പെട്ട 14 സെന്റ് പൊതുമരാമത്ത് വകുപ്പ് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം ബഹു.ഹൈക്കോടതിയുടെ 31-07-2018 ലെ WP(C) No.35037/2015 യിലെ കോടതിവിധി അനുസരിച്ച് നിലവിലെ താമസക്കാരനും അപേക്ഷകയായ മരണപ്പെട്ട ലക്ഷ്മി എന്നവരുടെ നിയമപരമായ അവകാശിയുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി., ഭാര്യ കെ.രമ എന്നിവരുടെ പേരിൽ പതിച്ചു നൽകണമെന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ പ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ പുറമ്പോക്കായി വില്ലേജ് റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ 14 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ശ്രീമതി.ലക്ഷ്മി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കാത്തതിനാൽ ഭൂമി പതിച്ചു നൽകിയിരുന്നില്ല. തുടർന്ന് ടിയാളുടെ അനന്തരാവകാശികൾ ബഹു.ഹൈക്കോടതിയിൽ WP(C) No.35037/2015 നമ്പർ കേസ് ഫയൽ ചെയ്യുകയും 31.07.2018 തീയതിയിലെ ഹൈക്കോടതി ഉത്തരവ് സഹിതം മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശികളായ ശ്രീ.മണി മുതൽ പേർ

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വെ 152/13-ൽ പ്പെട്ട 14 സെന്റ് പൊതുമരാമത്ത് വകുപ്പ് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം ബഹു.ഹൈക്കോടതിയുടെ 31-07-2018 ലെ WP(C) No.35037/2015 യിലെ കോടതിവിധി അനുസരിച്ച് നിലവിലെ താമസക്കാരനും അപേക്ഷകയായ മരണപ്പെട്ട ലക്ഷ്മി എന്നവരുടെ നിയമപരമായ അവകാശിയുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി., ഭാര്യ കെ.രമ എന്നിവരുടെ പേരിൽ പതിച്ചു നൽകണമെന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ പ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ പുറമ്പോക്കായി വില്ലേജ് റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ 14 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ശ്രീമതി.ലക്ഷ്മി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കാത്തതിനാൽ ഭൂമി പതിച്ചു നൽകിയിരുന്നില്ല. തുടർന്ന് ടിയാളുടെ അനന്തരാവകാശികൾ ബഹു.ഹൈക്കോടതിയിൽ WP(C) No.35037/2015 നമ്പർ കേസ് ഫയൽ ചെയ്യുകയും 31.07.2018 തീയതിയിലെ ഹൈക്കോടതി ഉത്തരവ് സഹിതം മരണപ്പെട്ട ലക്ഷ്മി എന്നവരുടെ അവകാശികളായ ശ്രീ.മണി മുതൽ പേർ

പ്രസ്തുത ഭൂമി അവരുടെ പേരിൽ പതിച്ച് നൽകുന്നതിന് അപേക്ഷിക്കുകയുമു ണ്ടായി. 5 സെന്റ് മാത്രം പതിച്ചുനല്കുന്നതിന് തടസ്സമില്ല എന്ന പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രത്തിന് എതിരെയാണ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത്.ഭൂമി പതിച്ച് കൊടുക്കുമ്പോൾ അപേക്ഷകർ താമസിക്കുന്ന വീട് ഉൾപ്പെടെയുള്ള ഭൂമി പതിച്ച് കൊടുക്കുന്നത് പരിഗണിക്കണം എന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത് .

3. തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വേ 152/13 ൽ പ്പെട്ട പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമിയിൽ നിലവിലുള്ള ഓടിട്ട കെട്ടിടത്തിൽ ലക്ഷ്മി എന്നവരുടെ മകനായ ശശിധരനും കുടുംബവുമാണ് താമസിയ്ക്കുന്നതെന്നും ലക്ഷ്മിയും ഭർത്താവ് അയ്യപ്പനും മരണപ്പെട്ടതായും ഇവർക്ക് ശശിധരൻ ഉൾപ്പെടെ ഏഴ് മക്കളാണുള്ളതെന്നും ആയതിൽ മൂത്ത മകൾ കാളി മരണപ്പെട്ടതായും മറ്റ് അവകാശികൾ പ്രസ്തുത ഭൂമി ശശിധരനു പതിച്ച് നൽകുന്നതിന് സമ്മതമാണെന്ന് വില്ലേജ് ഓഫീസർ മുമ്പാകെ സമ്മതപത്രം നൽകിയതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ വീട് സ്ഥിതി ചെയ്യുന്ന സ്ഥലവും അതിനോടനുബന്ധിച്ച് മറ്റ് അത്യാവശ്യമായ സൗകര്യങ്ങളും അപേക്ഷകർക്ക് അനുവദിച്ച് കൊടുക്കണമെന്നാണ് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുള്ളത്. ആയതു പ്രകാരം നിലവിലുള്ള വീടും പ്രധാന അനുബന്ധമായ കിണറും ഉൾപ്പെടുത്തി 6.31 സെന്റ് ഭൂമി പതിച്ച് നൽകേണ്ടതുണ്ട്. ഇപ്രകാരം 6.31 സെന്റ് ഭൂമി പതിച്ച്

നൽകാൻ ശുപാർശ ചെയ്തുകൊണ്ട് ബഹു.റവന്യൂ മന്ത്രി ബഹു.മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടിട്ടുള്ളതാണ്.തുടർന്ന്,ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

4. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ്;

" മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീ സർവ്വെ 152/13 -ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ട 6.31 സെന്റ് ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ 30.09.2009-ലെ 20541/C3/2009 നമ്പർ സർക്കുലർ പ്രകാരമുള്ള നിബന്ധനകൾക്ക് ഇളവു നൽകി പ്രത്യേക കേസ് ആയി പരിഗണിച്ച് പതിച്ചു നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് എതിർപ്പില്ലായെന്ന വിവരം റവന്യൂ വകുപ്പിനെ അറിയിക്കുന്നു. "

5. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ കാണും പ്രകാരമാണ്.

*" 14 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ശ്രീമതി.ലക്ഷ്മി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ 1990 ൽ തന്നെ സർക്കാർ നിർദ്ദേശിച്ചിരുന്നുവെന്നതിനാലും, 40 വർഷത്തോളമായി ശ്രീ.മണി മുതൽ പേരുടെ കൈവശത്തിൽ ഇരിക്കുന്ന ഭൂമി ആയതിനാലും, നിലവിൽ വീട് സ്ഥിതി ചെയ്യുന്ന സ്ഥലവും അതിനോടനുബന്ധിച്ച് മറ്റ് അത്യാവശ്യമായ*

*സൗകര്യങ്ങളും അപേക്ഷകർക്ക് അനുവദിച്ച് കൊടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് പരിഗണിച്ചും, ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്ത പ്രകാരം അപേക്ഷകന്റെ വീടും കിണറും സ്ഥിതി ചെയ്യുന്ന 6.31 സെന്റ് ഭൂമി സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് മന്ത്രി സഭയുടെ അനുമതിയോടെ പതിച്ച നല്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു. ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."*

6. ശ്രീ.ശശിധരനും, ഭാര്യ രമയ്ക്കും ഭൂമി പതിച്ച നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കുറ്റിപ്പുറം വില്ലേജിൽ റീസർവ്വെ 152/13-ൽപ്പെട്ട 14 സെന്റ് പൊതുമരാമത്ത് വക പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും കിണറും ഉൾപ്പെടെയുള്ള 6.31 സെന്റ് സ്ഥലം ബഹു.ഹൈക്കോടതിയുടെ 31-07-2018 ലെ WP(C) No.35037/2015 യിലെ വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകയായ ശ്രീമതി.ലക്ഷ്മി എന്നവരുടെ നിയമപരമായ അവകാശികളും ടി ഭൂമിയിലെ നിലവിലെ താമസക്കാരുമായ പൂങ്ങോട്ടിൽ വീട്ടിൽ ശ്രീ.ശശിധരൻ.പി., ഭാര്യ കെ.രമ , എന്നിവർക്ക് സർക്കാരിൽ

നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് പതിച്ചു നൽകാവുന്നതാണോ ;